ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.05.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്; നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ്.

2. സമ്പന്നമായ വായനാ സംസ്കാരം വീണ്ടെടുക്കുന്നതിനായി "വായനാ വസന്തം - വീട്ടിലേക്കൊരു പുസ്തകം" പദ്ധതിക്ക് ഇന്ന് തുടക്കമാകും.

3. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയ ചർച്ചകൾ സജീവം; യു.ഡി.എഫ് പ്രവേശനത്തിൽ എ.ഐ.സി.സി ജനറൽ സെക്രട്ടറിയുമായുള്ള ചർച്ചകൾക്ക് ശേഷം തീരുമാനമെന്ന് പി.വി.അൻവർ.

4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള ഹജ്ജ് യാത്രയ്ക്ക് നാളെ സമാപനം.

5. കൊല്ലം കടൽതീരങ്ങളിൽ വീണ്ടും കണ്ടെയ്നറുകൾ അടിഞ്ഞു; കണ്ടെയ്നറുകൾ നീക്കം ചെയ്യാൻ കൂടുതൽ സമയം ആവശ്യമെന്ന് വിദഗ്ധർ.

6. ഐ.പി.എൽ ക്രിക്കറ്റിലെ ക്വാളിഫയർ മത്സരങ്ങൾക്ക് നാളെ തുടക്കം.

RNU TVPM

****************************************************************

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ നാളെ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ചില ജില്ലകളിൽ മഴയുടെ ശക്തി കുറഞ്ഞിട്ടുണ്ട്. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനുള്ള വിലക്ക് തുടരും.

*************************************************************

## പ്രളയ സാധ്യത മുന്നറിയിപ്പ്

സംസ്ഥാനത്തെ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മീനച്ചിൽ, അച്ചൻകോവിൽ, മണിമല നദികളിൽ ഓറഞ്ചും, കോരപ്പുഴ, വാമനപുരം എന്നീ നദികളിൽ മഞ്ഞ ജാഗ്രതയുമാണ്. നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

RNU TVPM

*************************************************************

## കാലവർഷം -ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ കുട്ടനാട്ടിൽ മഴക്കെടുതികൾ രൂക്ഷം. നദികളിലെ നീരൊഴുക്കിൻറെ വർധനയും പാടശേഖരങ്ങളിലെ മടവീഴ്ചയും വൻ നാശനഷ്ടത്തിനിടയാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ. (വോയിസ്...)

*************************************************************

## <u>അണക്കെട്ട്- ജാഗ്രത</u>

ശക്തമായ മഴയെ തുടർന്ന് നീരൊഴുക്ക് വർധിച്ച സാഹചര്യത്തിൽ ഭൂതത്താൻകെട്ട് അണക്കെട്ടിൽ നിന്നും ഒരോ മണിക്കൂറിലും വെള്ളം പുഴയിലേക്ക് ഒഴുക്കുകയാണ്. ബാരേജിൻ്റെ പതിനഞ്ച് ഷട്ടറുകളിൽ 13 എണ്ണവും ഇപ്പോൾ തുറന്നിട്ടുണ്ട്. പെരിയാറിൻറെ ഇരു കരകളിലും ഉള്ളവർ ജാഗ്രത പാലിക്കണം. നിലവിൽ ആശങ്ക പെടേണ്ട സാഹചര്യമില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

********************************************************************************

## <u>കോഴിക്കോട് -മഴ (ഇൻട്രോ)</u>

കോഴിക്കോട് ജില്ലയിൽ 4 ദുരിതാശ്വാസ കേന്ദ്രങ്ങളിലായി 44 കുടുംബങ്ങളിലെ 151 പേരാണ് കഴിയുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു.....**

**(വോയിസ്)**

RNU TVPM

********************************************************************************

## <u>കണ്ടെയ്നർ - കൊല്ലം</u>

കൊല്ലം ബീച്ച്, പള്ളിത്തോട്ടം എന്നിവിടങ്ങളിൽ ഓരോ കണ്ടെയ്നറുകൾ കൂടി അടിഞ്ഞു. ശക്തികുളങ്ങരയിൽ അടിഞ്ഞ കണ്ടെയ്നറുകളിൽ തകർന്ന നിലയിലുള്ള 9 എണ്ണം മുറിച്ച് നീക്കം ചെയ്യാൻ കസ്റ്റംസ് അനുമതി നൽകി. ഇവ കടലിലൂടെ കെട്ടിവലിച്ച് പോർട്ടിലേക്ക് കൊണ്ടുപോകുന്നത് പ്രായോഗികമല്ലാത്തതിനാൽ മുറിച്ച് വാഹനത്തിൽ കൊണ്ടുപോകാൻ കപ്പൽ കമ്പനി കസ്റ്റംസിൻ്റെ അനുമതി തേടിയിരുന്നു. അതെസമയം, തീരത്തടിഞ്ഞ കണ്ടെയ്നറുകൾ മാറ്റാൻ കൂടുതൽ സമയം വേണമെന്ന് വിദഗ്ധർ അറിയിച്ചു.

സാങ്കേതിക ഉപകരണങ്ങൾ കൊണ്ടുവരാൻ കൂടുതൽ സമയം വേണ്ടി വരുമെന്നാണ് വിലയിരുത്തൽ.

*****************************************************************

## വായനാ വസന്തം-മുഖ്യമന്ത്രി

സംസ്ഥാനത്തിൻറെ സമ്പന്നമായ വായനാ സംസ്കാരം വീണ്ടെടുക്കുന്നതിനായി "വായനാ വസന്തം - വീട്ടിലേക്കൊരു പുസ്തകം" പദ്ധതിക്ക് ഇന്ന് തുടക്കമാകും. ലൈബ്രറി കൗൺസിൽ ആവിഷ്കരിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ലൈബ്രറി സെക്രട്ടറിമാരുടെയും ലൈബ്രേറിയൻമാരുടെയും സൗജന്യ ഇൻഷ്വറൻസ് പദ്ധതിയുടെ സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നിർവഹിക്കും. ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട മൂവായിരം ലൈബ്രറികളിലൂടെ മൂന്നുലക്ഷം വീടുകളിൽ പുസ്തകമെത്തിക്കുകയാണ് ലക്ഷ്യം.

RNU TVPM

*****************************************************************

## കുട്ടിയെ കണ്ടെത്തി

കൊച്ചി എളമക്കരയിൽ നിന്ന് കാണാതായ കുട്ടിയെ തൊടുപുഴയിൽ നിന്നും കണ്ടെത്തി. തൊടുപുഴ ബസ്സ് സ്റ്റാൻഡിൽ നിന്നാണ് കുട്ടിയെ കിട്ടിയത്. എളമക്കരയിൽ നിന്നും പുറപ്പെട്ട് തൊടുപുഴയിൽ ഇറങ്ങിയത് മുതൽ ഒരാളോടൊപ്പമായിരുന്നു കുട്ടി. ഇയാളുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയ ശേഷം ഇന്ന് രാവിലെ ബന്ധുക്കളെ ഇയാൾ വിവരമറിയിക്കുകയായിരുന്നു. എളമക്കര പോലീസ് നൽകിയ നിർദേശ പ്രകാരം തൊടുപുഴ പോലീസാണ് ബസ് സ്റ്റാൻഡിൽ നിന്നും കുട്ടിയെ കണ്ടെത്തിയത്.

**********************************************

## അട്ടപ്പാടി - ആദിവാസി യുവാവ്

അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ കെട്ടിയിട്ട് മർദിച്ച കേസിൽ രണ്ട് പേരെ പോലീസ് കസ്റ്റഡിയിൽ എടുത്തു. ഷോളയൂർ സ്വദേശി റെജിൻ മാത്യു, ആലപ്പുഴ സ്വദേശി വിഷ്ണുദാസ് എന്നിവരാണ് പിടിയിലായത്. അട്ടപ്പാടി ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ കോയമ്പത്തൂരിൽ നിന്നാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്. അഗളി ചിറ്റൂർ ആദിവാസി ഉന്നതിയിലെ സിജുവിനാണ് മർദ്ധനമേറ്റത്.

**********************************************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

RNU TVPM

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയ ചർച്ചകൾ സജീവം. യു ഡി എഫ് സ്ഥാനാർത്ഥിയായി ആര്യാടൻ ഷൗക്കത്തിനെ കഴിഞ്ഞ ദിവസം എ ഐ സി സി പ്രഖ്യാപിച്ചിരുന്നു. എൽ ഡി എഫ് സ്ഥാനാർത്ഥി നിർണയ ചർച്ചകളും പുരോഗമിക്കുകയാണ്. ഉപതെരെഞ്ഞുപ്പിനെ പ്രധാന രാഷ്ട്രീയ പോരാട്ടമായിട്ടാണ് എൽഡിഎഫ് കാണുന്നതെന്ന് സി.പി.ഐ.(എം) സംസ്ഥാനസെക്രട്ടറി എം.വി ഗോവിന്ദൻ വ്യക്തമാക്കി. എല്ലാവരുമായും കൂടിയാലോചിച്ച ശേഷമാണ് യുഡിഎഫ് തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. അടുത്ത മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. 23 നാണ് വോട്ടെണ്ണൽ.

**********************************************

## പി.വി.അൻവർ

യു.ഡി.എഫ് പ്രവേശനവുമായി ബന്ധപ്പെട്ട് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലിനെ കാണുമെന്ന്

പി.വി.അൻവർ. നിലമ്പൂരിലെ വസതിയിൽ വാർത്ത സമ്മേളനത്തിലാണ് അദ്ദേഹത്തിൻറെ പ്രതികരണം. കെ.സി.വേണുഗോപാലിൻറെ പ്രതികരണം അറിഞ്ഞശേഷം മാത്രമേ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട പ്രഖ്യാപനം നടത്തൂ എന്നും പി വി അൻവർ അറിയിച്ചു.

*********************************************************************

## കണ്ണൂർ – ഹജ്ജ് (ഇൻട്രോ)

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് യാത്രയ്ക്ക് നാളെ സമാപനം. വിമാനത്താവളത്തിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ഹജ്ജ് ക്യാമ്പ് ഇന്ന് അവസാനിക്കും.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ ഒ ശശിധരൻ**

തയ്യാറാക്കിയ റിപ്പോർട്ട്......

(വോയിസ്)

RNU TVPM

*********************************************************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിലെ ക്വാളിഫയർ മത്സരങ്ങൾ നാളെ ആരംഭിക്കും. റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവും, പഞ്ചാബ് കിംഗ്സുമാണ് ആദ്യ ക്വാളിഫയറിൽ ഏറ്റുമുട്ടുന്നത്. മൂന്നാം സ്ഥാനത്തേക്ക് വെള്ളിയാഴ്ച നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

*********************************************************************

## കോട്ടയം -പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്‌പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ മറ്റെന്നാൾ വരെ സമർപ്പിക്കാം. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**************************************************

## ഓപ്പറേഷൻ മൈഗ്രന്റ് ഷീൽഡ്

കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും, കേരള പോലീസും സംയുക്തമായി നടത്തിയ ഓപ്പറേഷൻ മൈഗ്രന്റ് ഷീൽഡിൻ്റെ മൂന്നാം ഘട്ടത്തിൽ പത്തനംതിട്ടയിലും, കോട്ടയത്തും വിവിധ റിക്രൂട്ടിംഗ് ഏജൻസികളിൽ റെയ്ഡ് നടത്തി. പരിശോധനയിൽ, വ്യാജ പരസ്യങ്ങൾ, രേഖകൾ, അനധികൃത വിദേശ റിക്രൂട്ട്മെന്റ് എന്നിവയുൾപ്പെടെ നിരവധി നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തി.

RNU TVPM

**************************************************

## പ്ലസ് വൺ -തിരുത്തൽ

കേരളത്തിൽ പ്ലസ് വൺ ഏക ജാലക പ്രവേശനത്തിനായുള്ള അപേക്ഷകളിൽ ഓപ്ഷൻ ഉൾപ്പെടെ തിരുത്തലിന് അവസരം. ഇന്ന് വൈകിട്ട് അഞ്ച് വരെ ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിച്ച് ക്യാൻഡിഡേറ്റ് ലോഗിനിലെ എഡിറ്റ് ആപ്ലിക്കേഷൻ വഴി തിരുത്തൽ നടത്താം. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെന്റ്.

**************************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 196 പോയിന്റ് താഴ്ന്ന് 81,355 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 60 പോയിന്റ് നഷ്ടത്തിൽ 24,766 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. പവന് 71,480 രൂപയാണ് ഇന്നത്തെ വില.

*********************************************************************

## ആദായ നികുതി റിട്ടേൺ

2024-25 സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാനുള്ള സമയപരിധി സെപ്റ്റംബർ 15 വരെ നീട്ടി. സാധാരണ ജൂലൈ 31 ന് അവസാനിക്കുന്ന സമയപരിധിയാണ് ഇത്തവണ ഓൺലൈൻ സൗകര്യം തുറക്കുന്നതിന് മുമ്പ് നീട്ടിയത്. ഐ.ടി റിട്ടേൺ ഫോം, ഓൺലൈൻ സംവിധാനം എന്നിവയിലെ മാറ്റങ്ങൾ, റിട്ടേൺ ഫയൽ ചെയ്യാനുള്ള വിവരങ്ങൾ ലഭ്യമാക്കാനുള്ള താമസം തുടങ്ങിയവ കണക്കിലെടുത്താണ് സമയപരിധി നീട്ടിയത്.

PNU TVPM

*********************************************************************

## കമലഹാസൻ - രാജ്യസഭ

അടുത്ത മാസം 19 ന് നടക്കാനിരിക്കുന്ന രാജ്യസഭാ തിരഞ്ഞെടുപ്പിൽ മക്കൾ നീതി മയ്യം, എം.എൻ.എം സ്ഥാപക പ്രസിഡന്റും നടനുമായ കമൽഹാസൻ മത്സരിക്കും. ഡി.എം.കെ യുടെ പിന്തുണയോടെയാണ് കമൽഹാസൻ മത്സരിക്കുന്നത്.

*********************************************************************

## ബലി പെരുന്നാൾ - ഖാസിമാർ

സംസ്ഥാനത്ത് ബലിപെരുന്നാൾ അടുത്ത മാസം ഏഴിനായിരിക്കുമെന്ന് വിവിധ ഖാസിമാർ. ദുൽഖഅ്ദ് 29 ആയ ഇന്നലെ ദുൽഹിജ്ജ മാസപ്പിറവി കണ്ടതായി വിശ്വസനീയ വിവരം ലഭിച്ചില്ലെന്ന് ഖാസിമാർ അറിയിച്ചു.

************************************************************************
************************************************************************

RNU TVPM